## പത്താം ക്ലാസ് അടിസ്ഥാന പാഠാവലി

# ശ്രീ നാരായണഗുരു -കുറ്റിപ്പുഴ കൃഷ്ണപിള്ള -(ലേഖനം) .

1. ശ്രീ നാരായണ ഗുരു എന്ന പാഠഭാഗം ഏത് ലേഖനത്തിൽ നിന്നാണ്?

➢ ശ്രീ നാരായണ ഗുരു - ജീവചരിത്രവും ഗുരുസ്മൃതികളും (കുറ്റിപ്പുഴ കൃഷ്ണപിള്ള)

2. ഭാരതത്തിന്റെ നവോത്ഥാനത്തിന് അപരിത്യാജ്യമായിത്തീർന്ന ഒരു കർമപരിപാടിയായി ലേഖകൻ പറയുന്നത് എന്താണ് ?

➢ അധ : കൃതവർഗോദ്ധാരണം

3. കുറ്റിപ്പുഴ ഉദ്ധരിക്കുന്ന നവോത്ഥാന നായകർ ആരെല്ലാം ?

➢ രാജാറാം മോഹൻ റോയ് , ദയാനന്ദ സരസ്വതി ,രാമകൃഷ്ണ പരമഹംസൻ, സ്വാമി വിവേകാനന്ദൻ

4) " അദ്വൈതി' എന്ന പദം കൊണ്ട് അർഥമാക്കുന്നതെന്ത് ?

➢ രണ്ടല്ല, ഒന്ന് തന്നെ എന്നർഥം .

5 . മറ്റു യോഗികളിൽ നിന്ന് ശ്രീനാരായണ ഗുരു എങ്ങനെ വ്യത്യസ്തനാകുന്നുവെന്നാണ് കുറ്റിപ്പുഴ അവതരിപ്പിക്കുന്നത് ?

➢ സ്വമോക്ഷത്തെ ലക്ഷ്യമാക്കി പ്രവൃത്തി രംഗത്തു നിന്ന് നിവൃത്തനായില്ല .

6. 'അപരിത്യാജ്യം' എന്ന പദത്തിന്റെ അർഥം വ്യക്തമാക്കുക .

➢ ഉപേക്ഷിക്കാനാവാത്ത .

7 . ഭാരതീയ വേദാന്തത്തിന്റെ പരമമായ ലക്ഷ്യം എന്താണ്?

➢ മോക്ഷം .

8. മറ്റു സന്യാസിമാരിൽ നിന്ന് ഗുരു എങ്ങനെ വ്യത്യസ്തനാകുന്നു ?

➢ സ്വമോക്ഷത്തെ ലക്ഷ്യമാക്കിയില്ല , സ്വകീയമായ വ്യക്തിമഹത്വത്തെ സമൂഹോന്നതിതിക്ക് വേണ്ടി ഉപയോഗിച്ചു .യോഗശക്തിയും ജ്ഞാനശക്തിയും ലൗകിക തലത്തിലേക്കും പ്രസരിപ്പിച്ചു . ജനങ്ങളുടെ അന്ധകാര ജീവിതത്തിൽ

പ്രകാശം പരത്തി, സ്വാതന്ത്ര്യ ബോധമുള്ളവരാക്കി , മനുഷ്യത്വത്തെ സമുദ്ധരിച്ച ജാതിപ്പിശാചിനെ ഉച്ചാടനം ചെയ്ത .ജ്ഞാന സിദ്ധൻ, കർമസിദ്ധൻ, പ്രായോഗിക വേദാന്തത്തിന് പ്രാധാന്യം

9. മറ്റ് സന്യസിമാർക്ക് ഗുരു എങ്ങനെ മാതൃകയാവുന്നു ?

➢ പ്രപഞ്ചത്തിന്റെ മിഥ്യത്വത്തിൽ ഭ്രമിച്ച് കർമവിമുഖരായി അലസജീവിതം നയിക്കുന്ന സന്യാസിമാർക്ക് സേവന സമർപ്പിതമായ ശ്രീ നാരായണ ഗുരുവിന്റ ജിവിതം മഹത്തായ മാതൃകയാണ് .

10 .ശ്രീ നാരായണഗുരു ഏതെല്ലാം നിലകളിലാണ് പൂർവാചാര്യനായി പ്രശാഭിച്ചിട്ടുള്ളത് ?

➢ മനുഷ്യ ജാതിയെന്ന വിശ്വവിശാല ആശയത്തിന്റെ പ്രഥമാവതാരകൻ, മതത്തെയും ദൈവത്തെയും അദ്വൈതദൃഷ്യാ ഏകത്വത്തിൽ വിലയിപ്പിച്ച തത്വദർശി, സഹസ്രാബ്ദങ്ങളായി നിലനിന്നുപോന്ന മൂഢാചാര പാരമ്പര്യത്തെയും അന്ധവിശ്വാസത്തെയും ധീരതയോടെ ധ്വംസിച്ച് സാമൂഹ്യജീവിതത്തിൽ വിപ്ലവം സൃഷ്ടിച്ച ഉൽപതിഷ്ണു , യുക്ത്യനുഭവങ്ങളുടെ അടിസാനത്തിൽ ഏതു മത പ്രമാണത്തെയും തത്ത്വ സംഹിതയയും നിശ്ശബ്ദം നിരൂപണം ചെയ്ത, സ്വതന്ത്രചിന്തകൻ എന്നീ നിലകളിൽ .

11. 'മതമേതായാലും മനുഷ്യൻ നന്നായാൽ മതി എന്ന സുപ്രസിദ്ധമായ ഗുരുവചനത്തിൽ എന്തിനാണ് പ്രാധാന്യം നൽകിയിരിക്കുന്നത്

➢ മനുഷ്യനന്മയക്ക്

12. "മതാതീതനായ ഒരു തത്വജ്ഞാനിയാണ് ശ്രീനാരായണ ഗുരു. ഇങ്ങനെ വിശേഷിപ്പിച്ചതാര് ?

➢ കുറ്റിപ്പുഴ കൃഷ്ണപിള്ള

13. 'അന്ധഗജന്യായം' - എന്താണ് ?

- അന്ധർ ആനയെ കണ്ട വിവരണം

14 . ഏതു രാജ്യത്തും വിലപ്പോകുന്നതും ഏതു സമുദായത്തിന്റെയും സാംസ്കാരിക വികസനത്തിന് അത്യന്തം ഉപകരിക്കുന്നതുമായ വിശിഷ്ട ആശയം ഏതാണ് ?

- ഒരു ജാതി, ഒരു മതം ഒരു ദൈവം മനുഷ്യന് .

15. ഭേദങ്ങളസ്തമിച്ചാൽ സാധാ ണാർഥത്തിൽ നിലവിലുള്ള മതങ്ങളുടെ

അവസ്ഥ എന്ത് ?

- മതങ്ങൾ ഇല്ലാതാവും

16 . "നിൽക്കക്കള്ളി"-"പദത്തിന്റെ അർഥമെന്ത് ?

- 'നിൽക്കുന്നതിനുള്ള സ്ഥാനം (നിലനിൽപ്പ്).

17 . ഏക ലോക സങ്കല്പം - ആശയത്തിന്റെ ഒരു മുദ്രാവാക്യമായി ലേഖകൻ ചൂണ്ടിക്കാണിക്കുന്ന ഗുരുവചനം ഏത് ?

- ഒരു ജാതി ഒരു മതം ഒരു ദൈവം മനുഷ്യന്

18 . കണ്ണാടി പ്രതിഷ്ഠ - വെളിപ്പെടുത്തുന്നത് എന്ത് ?

- മനുഷ്യന്റെ ധ്യാന ലക്ഷ്യം മനുഷ്യൻ തന്നെയാണെന്നും അവന്റെ അന്തഃശക്തിയും വികസനവുമാണാവശ്യം എന്നുമുള വസ്തുതയാണ് ഇത് വെളിപ്പെടുത്തുന്നത്

(തത്വമസി - തത്+ ത്വം + അസി- അത് നീ ആകുന്നു)എന്ന ആശയം .

19 . അൽപ ഭാഷണംകൊണ്ടും ലളിതോദാഹരണങ്ങളിൽ കൂടിയും ഗുരു ആശയാവിഷ്കാരം നടത്തി . എങ്ങനെ ? ഉദാഹരണം വ്യക്തമാക്കുക .

- ജാതി ഒന്നാണെന്നതിന് തെളിവെന്നും വേണ്ടല്ലോ
- ഒരു പട്ടി വേറൊരു പട്ടിയെ കണ്ടാൽ അതിന്റെ സ്വന്തം ജാതിയാണെന്ന് മനസ്സിലാക്കുന്നു. എല്ലാ മൃഗങ്ങൾക്കും വകതിരിവുണ്ട് .
- അതനുസരിച്ച് ജിവിക്കുന്നുമുണ്ട് . മനുഷ്യർക്കുമാത്രം സംശയം .

➢ സ്വന്തം ജാതി തിരിച്ചറിയാനുള്ള ശക്തിയിൽ , മൃഗങ്ങളെക്കാളും മോശം

20. ഗുരു എങ്ങനെയാണ് പ്രാതസ്മരണീയനാവുന്നത് ?

➢ കേരളത്തെ ജാതിപ്പാളയത്തിൽ അതിന്റെ ഭ്രാന്താലയത്വം നിശ്ശേഷം നീക്കം ചെയ്തു .

## ഗുരുദേവ ദർശനങ്ങൾ - വചനങ്ങൾ.

✔ ഒരു ജാതി ഒരു മതം ഒരു ദൈവം മനുഷ്യന് .

✔ മതമേതായാലും മനുഷ്യൻ നന്നായാൽ മതി .

✔ വിദ്യ കൊണ്ട് സ്വതന്ത്രരാവുക .

✔ മദ്യം വിഷമാണ്, അതുണ്ടാക്കരുത് കൊടുക്കരുത് കുടിക്കരുത് .

✔ ജാതി ചോദിക്കരുത്, പറയരുത് ചിന്തിക്കരുത്

✔ ജനങ്ങൾക്കും വിദ്യാഭ്യാസം കൊടുക്കാൻ ശ്രമിക്കണം . അവർക്ക് അറിവുണ്ടാകട്ടെ. അതുതന്നെയാണ് അവരെ നന്നാക്കാനുള്ള മരുന്ന്